**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **10-10-2024 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ അനധികൃത നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അനധികൃത നിയമനങ്ങൾ നടക്കുന്നതായി തൊഴിൽ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ അനധികൃത നിയമനങ്ങൾ നടക്കുന്നതായി ലഭിച്ച പരാതിയിൻമേൽ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ സ്ഥാപന പരിശോധന നടത്തുകയും സ്ഥിരം തസ്തികകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുള്ളതായും താൽക്കാലിക തസ്തികകളിൽ കരാർ നിയമനങ്ങൾ സ്ഥാപനം നേരിട്ട് നടത്തിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പി.എസ്.സി.യുടെ പരിധിയിൽ വരാത്ത എല്ലാ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയായിരിക്കണം എന്ന ചട്ടം ലംഘിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷന് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1959-ലെ CNV ആക്ടിന് വിധേയമായിട്ടായിരിക്കണം എന്നുള്ള സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്. ആയതിനാൽ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ സ്ഥാപനം നേരിട്ട് നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ട താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന നിർദ്ദേശം തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. താൽക്കാലിക തസ്തികകളിൽ മുൻകാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നിയമനം നടത്തിയിരുന്നതായി എംപ്ലോയ്മെന്റ് ഓഫീസർ കണ്ടെത്തി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങളെല്ലാം നിലവിൽ പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന |

| | | | |
|---|---|---|---|
| | | | മാത്രമാണ് നടത്തപ്പെടുന്നത് എന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ